**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2296** **30-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങളിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങളിൽ പരിശീലനം നൽകുന്നതിന് എസ്.എ.എഫ്.(സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ) പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ? | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സംരംഭങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ സാഫ് മുഖേന നടത്തുന്നുണ്ട്. തീരമൈത്രി യൂണിറ്റുകൾക്ക്, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പു കൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തു ന്നതിനുമായി വിവിധ തരം പരിശീലനങ്ങൾ നൽകി വരുന്നു. തീരമൈത്രി പദ്ധതിയെക്കുറിച്ചും പദ്ധതിയുടെ വിവിധ ഘടകങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഒരു ദിവസത്തെ Sensitization Programme, കൂടാതെ പദ്ധതിയിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആരംഭിക്കുന്നതിന് മുൻപായി വ്യക്തിത്വ വികസനം, വിവിധ പദ്ധതികളുടെ സുസ്ഥിരമായ നിലനിൽപ്പ്, ഗ്രൂപ്പംഗങ്ങളുടെ കൂട്ടുത്തരവാദിത്വം, മെച്ചപ്പെട്ട ബിസിനസ്സ് നടത്തുന്നതിനായുള്ള കസ്റ്റമർ റിലേഷൻഷിപ്പ് തുടങ്ങിയവ ഉൾക്കൊള്ളിച്ച് കൊണ്ട് 3 ദിവസം നീണ്ടു നിൽക്കുന്ന റെസിഡൻഷ്യൽ Achievement Motivation Training, കൂടാതെ സംരംഭം എങ്ങനെ മുന്നോട്ട് നയിക്കണം, കൂടുതൽ ഇടപാടുകാരെ എങ്ങനെ കണ്ടെത്താം, സംരംഭം ഏതെല്ലാം രീതിയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ച വെക്കാം, സംരംഭത്തിന്റെ പദ്ധതി രേഖ എങ്ങനെ തയ്യാറാക്കാം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള രണ്ട് ദിവസത്തെ Management Training, Hcp Znhks¯ Orientation Programme, സംരംഭ ത്തിന്റെ നാൾവഴി (Daybook), ലെഡ്ജർ, മിനിറ്റ്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നതിനുമായി 2 ദിവസം നീണ്ടുനിൽക്കുന്ന Book Keeping & Accounting Training, ബിസിനസ്സിൽ പിന്നോക്കം നിലക്കുന്ന ഗ്രൂപ്പുകളെ ഉയർത്തിക്കൊണ്ടു വരുന്നതിനും ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമികവ്, മോട്ടിവേഷൻ എന്നിവ നൽകുന്നതിനുമായി മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ Intervention Training |

| | | | |
|---|---|---|---|
| | | | Programme, ഒരു ദിവസത്തെ Awareness Training, വിവിധതരം സ്കിൽ ട്രെയിനിംഗുകൾ എന്നിവ സ്റ്റാഫ് യൂണിറ്റുകൾക്കായി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ